കൈപ്പട്ടൂർ റൂറൽ ഡിസ്പെൻസറിയുടെ കീഴ് വാർഡ് പണി എൻ. ആർ. ഇ. പി. യിൽ ഉൾപ്പെടുത്താൻ നടപടി

874. [1088] ശ്രീ. ബെന്നിബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എടയ്ക്കാട്ടുവയൽ പഞ്ചായത്തിലെ കൈപ്പട്ടൂർ റൂറൽ ഡിസ്പെൻസറിക്ക് ഒരു വാർഡ് എൻ. ആർ. ഇ. പി. പദ്ധതിയിൽ ഉൾപ്പെടുത്തി പണിയുന്നതിന് വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ;

(ബി) ഇതിന്റെ പ്രവർത്തനം എന്നു നടക്കുമെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) എൻ. ആർ. ഇ. പി. ക്കു വേണ്ടിയുള്ള വാർഷിക പദ്ധതി എറണാകുളം ജില്ലയെ സംബന്ധിച്ചിടത്തോളം തീരുമാനിച്ചുകഴിഞ്ഞു. ഏറെടുക്കേണ്ട പണികൾ നിർണ്ണയിക്കുന്നത് ഡി. ആർ. ഡി. എ. യുടെ ഗവേണിംഗ് ബോഡിയാണ്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ചോറ്റാനിക്കര-ഇടിക്കുളം റോഡ് എൻ. ആർ. ഇ. പി. പ്രകാരം പണിയുന്നതിന് വേണ്ട നടപടികൾ

875. [1089] ശ്രീ. ബെന്നിബഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചോറ്റാനിക്കര പഞ്ചായത്തിലെ ചോറ്റാനിക്കര-ഇടിക്കുളം റോഡ് എൻ. ആർ. ഇ. പി. പ്രകാരം പണിയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് നിവേദനം സർക്കാരിനു കിട്ടിയതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പുളിമാത്ത് പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീം പ്രകാരം നിർമ്മിച്ച റോഡുകൾ

876. [1091] ശ്രീമതി മേർഗ്ഗരീത തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ ബ്ലോക്ക് അതിർത്തിയിൽപ്പെട്ട പുളിമാത്ത് പഞ്ചായത്തിൽ എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച റോഡുകൾ എത്ര ;

(ബി) അവ ഏതെല്ലാം ;

(സി) അവയ്ക്കുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യ എത്ര ?

ഉത്തരം

(എ) ഈ കാലയളവിൽ പുളിമാത്തു പഞ്ചായത്തിൽ എൻ. ആർ. ഇ. പി. പദ്ധതിയിൻകീഴിൽ ഒരു റോഡ് നിർമ്മിച്ചിട്ടുണ്ട്.

(ബി) ഗണപതിയാം കോണം-അയിലം കടവ് റോഡ്.

(സി) ഇതിനുവേണ്ടി മൊത്തം 59,185 രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly